**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 577** **11-11-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര മേഖലയിൽ സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എൻ.കെ. അക്ബർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കന്നുകാലികളെയും ക്ഷീരകർഷകരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സബ്സിഡി ഉപയോഗിച്ച് മൃഗസംരക്ഷണ വകുപ്പ് മുഖേന കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയാണ് 'ഗോസമൃദ്ധി-എൻ.എൽ.എം' സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി. നടപ്പ സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനായി കേരള സർക്കാർ 5 കോടി രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതികളിൽ വച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക് ഈടാക്കി അത്യുത്പാദന ശേഷിയുള്ള ഏകദേശം 60,000 ഉരുക്കളെ ഒരു വർഷം പദ്ധതിയിലൂടെ തികച്ചും സുതാര്യമായി ഓൺലൈൻ മുഖേന ഇൻഷ്വർ ചെയ്യുന്നു. നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ പ്രീമിയം നിരക്ക് ഒരു വർഷത്തേക്ക് ഉരുവിന്റെ മതിപ്പ് വിലയുടെ 1.95%, മൂന്നു വർഷത്തേക്ക് 4.85% എന്നിങ്ങനെയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ SB കളക്ട് സൗകര്യമുപയോഗിച്ച കർഷകർക്കു തങ്ങളുടെ 2 മുതൽ 10 വയസ്സ് വരെ പ്രായമുള്ള കറവയുള്ള പശുക്കൾ/എരുമകൾ, 7 മാസത്തിനു മുകളിൽ ഗർഭമുള്ള കിടാരികൾ/എരുമ കിടാരികൾ എന്നിവയെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം തുക അടയ്ക്കാവുന്നതാണ്. 65,000/- രൂപ വരെ മതിപ്പ് വിലയുള്ള സങ്കരയിനം പശുക്കൾക്ക് പ്രീമിയം തുകയിൽ 50% സബ്സിഡി, എസ്.സി/എസ്. ടി വിഭാഗത്തിന് 70% സബ്സിഡി ലഭ്യമാകുന്നു. നാടൻ പശുക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ഇൻഷ്വറൻസ് പരിരക്ഷ, ഉരുക്കളുടെ മരണം (death), പാലുല്പാദന ക്ഷമതയിലും പ്രത്യുല്പാദന ക്ഷമതയിലും ഉണ്ടാകുന്ന നഷ്ടം (PTD) എന്നിവക്ക് പദ്ധതിയിലൂടെ പരിരക്ഷ ഉറപ്പാക്കുന്നു. ഉരുവിന്റെ ഉടമയായ |

| | | | |
|---|---|---|---|
| | | | കർഷകന് അപകട മരണത്തിനും പൂർണ്ണമോ ഭാഗികമോ ആയ അംഗവൈകല്യത്തിനും 5 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷയുണ്ട്. ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധി, 60 വയസ്സ് പൂർത്തിയാക്കിയ ക്ഷീരകർഷർക്ക് പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയും സാമൂഹ്യ സുരക്ഷാ പദ്ധതിയായി നടപ്പിലാക്കി വരുന്നു. ക്ഷീര സാന്ത്വനം പദ്ധതിയിൽ ചുവടെ ചേർക്കുന്ന ഘടകങ്ങളാണുള്ളത്. 1. ആരോഗ്യ സുരക്ഷാ പോളിസി-80 വയസുവരെയുള്ള കർഷകന്റെ കുടുംബത്തിന് 1 ലക്ഷം രൂപ വരെ (with pre-existing coverage upto 50,000/-) കർഷകരുടെ മാതാപിതാക്കൾക്ക് പ്രായപരിധി ബാധകമല്ല. 2. അപകട സുരക്ഷാ പോളിസി (7ലക്ഷം-education grant upto 50,000/-) 3. ലൈഫ് ഇൻഷുറൻസ് പോളിസി - 18 വയസു മുതൽ 60 വയസുവരെ 1 ലക്ഷം ഒരു വർഷത്തേക്ക് 4. ഗോസുരക്ഷാ പോളിസി - 50,000/60,000/70,000 എന്നീ തുകകളിൽ കറവ പശുക്കളെ ഇൻഷ്വർ ചെയ്യാവുന്നതാണ്. |
| (ബി) | സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതിയായ ഗോസമൃദ്ധി ലക്ഷ്യമിടുന്ന കാര്യങ്ങൾ വിശദമാക്കാമോ; | (ബി) | ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ കന്നുകാലികളുടെ മരണം, ഉത്പാദന പ്രത്യുല്പാദന ക്ഷമതാ നഷ്ടം എന്നിവ മൂലം കന്നുകാലി പരിപാലനം ജീവനോപാധിയായിട്ടുള്ള കർഷക കുടുംബങ്ങൾക്ക് നേരിടേണ്ടി വരുന്ന നഷ്ടവും അനിശ്ചിതത്വവും നികത്തി, അവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കി, മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് സർക്കാരും വകുപ്പും കർഷകർക്ക് ഒരു കൈത്താങ്ങായി ഈ പദ്ധതിയിലൂടെ നിലനിൽക്കുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം. |
| (സി) | കടക്കെണിയിലായ ക്ഷീര കർഷകരുടെ സാമ്പത്തിക സുരക്ഷക്കായി പ്രത്യേക ധനാശ്വാസ പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | മൃഗസംരക്ഷണ വകുപ്പിൽ അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിക്ക് കീഴിൽ ക്ഷീരകർഷകർക്ക് സഹായകമായ ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം എന്ന ധനാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ ഇനത്തിൽ 5000/- രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 2500 തിരഞ്ഞെടുത്ത കർഷകർക്ക് ടി പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കും. |

സെക്ഷൻ ഓഫീസർ